# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:226 25.04.2017-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടുമാരുടെ തസ്തിക

| ചോദ്യം | | | മറുപടി |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ് പ്രസ്സുകളുടെ ഭരണസംവിധാനവുമായി ബന്ധപ്പെട്ട് സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട്എന്നിവരുടെ എത്ര വീതം തസ്തികകൾ നിലവിലുണ്ട്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഗവൺമെന്റ് പ്രസ്സുകളുടെ ഭരണസംവിധാനവുമായി ബന്ധപ്പെട്ട് സൂപ്രണ്ടിന്റെ ഒരു തസ്തികയും ഡെപ്യൂട്ടി സൂപ്രണ്ട്, അസിസ്റ്റന്റ് സൂപ്രണ്ട് എന്നിവരുടെ 10 തസ്തികകൾ വീതവും നിലവിലുണ്ട്. |
| (ബി) | ഈ തസ്തികകളിൽ ഓരോന്നിലും ആളെ നിയമിച്ചിട്ടുണ്ടോ; ഇനി എത്രപേരെ നിയമിക്കാനുണ്ട്; | (ബി) | അച്ചടിവകുപ്പിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ ഒരു ആളെയും അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിൽ 5 പേരെയും നിയമിക്കാനുണ്ട്. മറ്റെല്ലാ തസ്തികകളിലും ആളെ നിയമിച്ചിട്ടുണ്ട്. |
| (സി) | തിരുവനന്തപുരത്തെ ഗവൺമെന്റ് പ്രസ്സിന്റെ ചുമതല സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; ഇവിടത്തെ ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | തിരുവനന്തപുരത്തെ ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ ചുമതലകൾ, മൂന്ന് ഡെപ്യൂട്ടി സൂപ്രണ്ടുമാർക്കായി ചുവടെപ്പറയുന്ന പ്രകാരം വിഭജിച്ച് നൽകിയിരിക്കുന്നു.<br>ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ): തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ എസ്റ്റാബ്ലിഷ്‌മെന്റ്, പ്രസ്സിലെ പൊതുഭരണ ചുമതല.<br>ഡെപ്യൂട്ടി സൂപ്രണ്ട് (എസ്&എസ്): തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ ജനറൽ സ്റ്റോർ, സ്റ്റോക്ക് & സ്റ്റോഴ്സിന്റെ ചുമതല.<br>ഡെപ്യൂട്ടിസൂപ്രണ്ട്(കോൺഫിഡൻഷ്യൽ): തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ കോൺഫിഡൻഷ്യൽ സെക്ഷന്റെ മേൽനോട്ടം |

| | | | |
|---|---|---|---|
| (ഡി) | ഗവൺമെന്റ് പ്രസ്സുകളിലേക്ക് ആവശ്യമായ മെഷീനുകളും മറ്റ് അനുബന്ധ യന്ത്രസാമഗ്രികളും വാങ്ങുന്നതിന് ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ടോ; കമ്മിറ്റിയുടെ ഘടന സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ; അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് പ്രത്യേക കമ്മിറ്റി നിലവിലുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഗവ.പ്രസ്സുകളുടെ സൂപ്രണ്ട് - ചെയർമാനായും ഡെപ്യൂട്ടിസൂപ്രണ്ട്, ഗവ.പ്രസ്സ്, മണ്ണന്തല ഡെപ്യൂട്ടിസൂപ്രണ്ട്(എസ്&എസ്), ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, ഡെപ്യൂട്ടിസൂപ്രണ്ട് (ജനറൽ) ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, ചീഫ് വർക്ക്ഷോപ്പ് ഫോർമാൻ ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഗവ.സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം എന്നിവർ അംഗങ്ങളായും ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് പ്രത്യേക കമ്മിറ്റി നിലവിലില്ല. ആവശ്യമെങ്കിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഇ) | പർച്ചേയ്സ് കമ്മിറ്റിയുടെ നടപടികൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധിക്കുമോ? | (ഇ) | ഇല്ല |

[signature]

സെക്ഷൻ ഓഫീസർ